"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ് വികസനം - എൽ.എ.ആർ.182/2006 - ബാലൻസ് വിധിക്കടത്തുക കക്ഷിയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2567/2024/LSGD തീയതി,തിരുവനന്തപുരം. 30-12-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 07.01.2022 തീയതിയിലെ എൽ.എ.ആർ 182/2006-ന്മേലുള്ള വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.03.2020 തീയതിയിലെ കെ9-255576/20 നമ്പർ നടപടിക്രമം
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09.12.2024 തീയതികളിലെ എ3/577/2020/ട്രിഡ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 2794/A & 2794/B (Ry.Sy No.2794/2)-ൽപ്പെട്ടതും ശ്രീ.ശേഖർ, ശ്രീമതി.ജയന്തി ശേഖർ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.58 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 182/2006 നമ്പർ കേസിൽ കക്ഷി ഫയൽ ചെയ്തിട്ടുള്ള ഇ.പി.178/19-ന്മേലുള്ള ഇ.എ.411/21 നമ്പർ അറ്റാച്ച്മെന്റ് ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ ക്യാമ്പ് ഓഫീസ് ജപ്തി ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ടെന്നും; ആയതിനാൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിലേക്ക് ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡിൽ നിന്നും അനുവദിച്ച 50% വിധിക്കടത്തുകയായ 23,60,462/-രൂപയും 31.12.2024 വരെയുള്ള 27,25,363/- രൂപയും അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ് വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ ശ്രീ.ശേഖർ. ശ്രീമതി.ജയന്തി ശേഖർ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.58 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 182/2006 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ ബാലൻസ്

വിധിക്കടത്തുകയായ 27,25,636/- രൂപ (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിയയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിയാറ് രൂപ) കക്ഷികൾക്ക് അനുവദിക്കുന്നതിനും, കോടതിയടിയന്തിരം പ്രമാണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് ഹെഡായ 8674-00-101-99-ൽ നിന്നും അനുവദിച്ച 50% വിധിക്കടത്തുകയായ 23,60,462/-രൂപയും (ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി അറുപത്തിരണ്ട് രൂപ) ചേർത്ത് ആകെ 50,85,825/- രൂപ (അൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
നിയമവകുപ്പ് (സ്യൂട്ട് II1/92/2023-LAW, dated 28.04.2023)
ധനവകുപ്പ് (WCD-2/133/2023-ധന(2450910), dated 30.09.2023)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 07-01-2025 12:21:53